TM243988A

Reg. No :..............................

Name :..............................

**MASTER'S DEGREE (C.S.S) EXAMINATION, NOVEMBER 2024**

**2023 ADMISSIONS REGULAR**

**SEMESTER III - CORE COURSE MALAYALAM**

**MA3C13M - Malayala Niroopanam**

**Time : 3 Hours** **Maximum Weight : 30**

## Part A

**I. Answer any Eight questions. Each question carries 1 weight** **(8x1=8)**

1. 'സ്വകീയവും അനന്യലഭ്യവുമായ ഒരു ശൈലി കൈവന്നിട്ടില്ലാത്ത ആളെ ഗദ്യകാരനെന്ന് വിളിച്ചു കൂടാ'- ഈ പ്രസ്താവനയുടെ അടിസ്ഥാനമെന്ത്?
2. ശൈലി (style)എന്ന ഗുണത്തിന് എം പി പോൾ നൽകുന്ന നിർവചനമെന്ത്?
3. മനുഷ്യജീവിതം സൗന്ദര്യത്തിൻറെ ഒരു ചിത്രീകരണമാണെന്ന് കുറ്റിപ്പുഴ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്?
4. "ഞാൻ നിൻ സഖാവു കാകൽസ്ഥ, പുറം പ്രാണ, നതിപ്രിയൻ "- വാല്മീകി രാമായണത്തിലെ ഈ വരികൾക്ക് കുട്ടികൃഷ്ണമാരാരുടെ ലേഖനത്തിലുള്ള പ്രാധാന്യമെന്ത്?
5. യാഥാസ്ഥിതികവാദത്തെ ഇ എം എസ് തള്ളിക്കളയുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുക.
6. പ്രേമത്തിൻറെ കാര്യത്തിൽ കേരളത്തിലെ പാരമ്പര്യം വളരെ വൃത്തികെട്ടതാണെന്ന് സി ജെ തോമസ് അഭിപ്രായപ്പെടുന്നത് എന്തുകൊണ്ട്?
7. എം ഗോവിന്ദൻറെ സാഹിത്യനിരൂപണത്തിൻറെ പ്രത്യേകതകൾ വിവരിക്കുക.
8. കലാസൃഷ്ടികൾ പ്രതിഭയുടെ സ്വതന്ത്ര തീരുമാനങ്ങളാണെന്ന് കെ പി അപ്പൻ പറയുന്നത് എന്തുകൊണ്ട്?
9. വിമർശകർ എപ്പോഴും എഴുത്തുകാരൻറെ പുനർജന്മം സ്വപ്നം കാണുന്നു എന്ന് പറയുന്നതിൻറെ സാംഗത്യം എന്ത്?
10. കോരൻ രാഷ്ട്രീയവത്കരിക്കപ്പെടുന്നതിൻറെ സാമൂഹ്യപശ്ചാത്തലമാണ് 'രണ്ടിടങ്ങഴി'യുടെ ഘടന - ചർച്ച ചെയ്യുക.

## Part B

**II. Answer any Six questions. Each question carries 2 weight** **(6x2=12)**

11. ധർമ്മരാജാനോവലിൽ പ്രത്യക്ഷപ്പെടാത്ത നായകനായ മഹാരാജാവിൻറെ മഹിമകൾ നിരൂപണത്തിൽ അവതരിപ്പിക്കുന്നതെങ്ങനെ?
12. മലയാളത്തിൽ പ്രസിദ്ധീകൃതമായ ഗദ്യകവിതകളുടെ ദോഷങ്ങൾ എം പി പോൾ ചൂണ്ടിക്കാണിക്കുന്നത് എങ്ങനെ?
13. "ജീവിതം തൊട്ടാൽ പൊള്ളുന്ന എരിതീക്കനല്ല അത് കലാനാഥലീലാരംഗമായ ഒരു ആനന്ദോദ്യാനമാണ്"- മനോഹരമായ ഈ ജീവിതദർശനത്തെ ഭാസ്കരൻ നായർ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
14. വാല്മീകിയുടെ രാമൻ മനുഷ്യനായിരുന്നുവെന്ന് സമർത്ഥിക്കാൻ കുട്ടികൃഷ്ണമാരാർ ചൂണ്ടിക്കാണിക്കുന്ന ഉദാഹരണങ്ങളെന്തെല്ലാം?
15. ജീവത്സാഹിത്യപ്രസ്ഥാനം സാഹിത്യകാരന്മാരോട് നിഷ്കർഷിക്കുന്നതെന്തെല്ലാമെന്ന് വിവരിക്കുക.
16. മലയാളത്തിലെ ഏറ്റവും ആത്മാർത്ഥതയുള്ള സാഹിത്യകാരനാണ് ചങ്ങമ്പുഴ എന്ന സി ജെ തോമസിൻറെ അഭിപ്രായം പരിശോധിക്കുക.
17. മലയാളകവിതയിലെ ആധുനികതാപഠനത്തിന് 'ലവണദേവതമാരും കാഞ്ഞിരവിഗ്രഹങ്ങളും' എന്ന ശീർഷകം നൽകിയിരിക്കുന്നതിൻറെ പ്രസക്തിയെന്ത്?
18. മലയാളസാഹിത്യത്തിൻറെ താഴ്വുലത്തെ ജെ ദേവിക അന്വേഷിക്കുന്നതെങ്ങനെ?

## Part C

**III. Answer any Two questions. Each question carries 5 weight** **(2x5=10)**

19. 'ധർമ്മരാജാ'നോവലിനെക്കുറിച്ചു സാഹിത്യപഞ്ചാനനൻറെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.
20. സി ജെ തോമസ്, എം ഗോവിന്ദൻ എന്നിവരുടെ ലേഖനങ്ങളുടെ സവിശേഷതകൾ പഠനവിധേയമാക്കുക.
21. ആഷാമേനോൻ, ബി രാജീവൻ, കെ പി അപ്പൻ എന്നിവരുടെ വിമർശനരീതികൾ താരതമ്യം ചെയ്യുക.
22. വംശമോ പ്രസ്ഥാനമോ ആയി പരിണമിക്കുന്ന കഥാപാത്രങ്ങളെ തകഴിയുടെ നോവൽ ആവിഷ്കരിക്കുന്നതെങ്ങനെ? 'അന്യാധീനമായ രണ്ടിടങ്ങഴി' എന്ന ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക.